# മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ
## ഹൃദയത്തിൽ താപസമുദ്രകളുള്ള തപോധനൻ



ക്നാനായ സമുദായാംഗങ്ങളിൽ ആത്മവിശ്വാസവും പ്രത്യാശയും നിറച്ച ആത്മീയാചാര്യനായിരുന്നു മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ. 1914 മുതൽ 1951 വരെ അദ്ദേഹം കോട്ടയം രൂപതയെ നയിച്ചു. പുതിയ രൂപതയുടെ ബാലാരിഷ്ടതകളെ അതിജീവിക്കുവാനും ആത്മീയ സാമൂഹിക മണ്ഡലങ്ങളിൽ ബലമുള്ള അടിത്തറയിടുവാനും കഴിഞ്ഞത് ചൂളപ്പറമ്പിൽ പിതാവിന്റെ ദിശാബോധവും ദൂരക്കാഴ്ചയും കൊണ്ടാണെന്നത് മറക്കാനാവാത്ത ചരിത്രവസ്തുതയാണ്.

ചൂളപ്പറമ്പിൽ കുടുംബം കുമരകത്താണെങ്കിലും കല്ലറയിലുള്ള അമ്മവീട്ടിലാണ് ഇദ്ദേഹം പിറന്നത്, 1877 ഒക്ടോബർ 14-ാം തീയതി. സവിശേഷമായ പ്രതിഭയുടെ മിന്നലാട്ടങ്ങൾ നന്നെ ചെറുപ്പത്തിൽത്തന്നെ 'ചാണ്ടിക്കുഞ്ഞു' എന്ന് വീട്ടുകാരും നാട്ടുകാരും വിളിച്ചിരുന്ന ഈ കുട്ടിയിൽ തിളങ്ങിയിരുന്നു. പഠനത്തിലും അഭിനയത്തിലുമൊക്കെ ചാണ്ടിക്കുഞ്ഞു ശ്രദ്ധേയനായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം നാട്ടിലും മിഡിൽ സ്കൂൾ പഠനം ബ്രഹ്മമംഗലത്തും നിർവ്വഹിച്ച ഇദ്ദേഹം ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് സ്കൂളിലാണ് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയത്. ചാണ്ടിക്കുഞ്ഞിനെ വിവാഹജീവിതത്തിൽ പ്രവേശിപ്പിക്കുവാനാണ് മാതാപിതാക്കളായ ജോസഫും കുഞ്ഞാറിയവും ആഗ്രഹിച്ചിരുന്നതെങ്കിലും കുട്ടിയുടെ നിർബ്ബന്ധത്തിനു വഴങ്ങി സെമിനാരിയിൽ ചേരുവാൻ അനുവദിച്ചു. അന്നു ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന മാർ മത്തായി മാക്കീലിന്റെ പൈതൃകാശീർവാദത്തോടെ മട്രിക്കുലേഷൻ പാസ്സാകുന്നതിനു മുമ്പുതന്നെ 1897 ജനുവരി മാസത്തിൽ ചൂളപ്പറമ്പിൽ അലക്സാണ്ടർ കാണ്ടി സെമിനാരിയിൽ ചേർന്നു. പത്തുവർഷംകൊണ്ടു വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി 1906 ഡിസംബർ 22-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. 1907 ജനുവരി എട്ടാംതീയതി മാക്കീൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ കുമരകം വള്ളാറപ്പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിച്ചു.

വെളിയനാടു മിഖായേൽ പള്ളി വികാരിയായി ഏതാനും നാൾ ശുശ്രൂഷ ചെയ്ത ചാണ്ടിയച്ചനെ ചങ്ങനാശ്ശേരി അരമനയിൽ മാക്കീൽ പിതാവിന്റെ സെക്രട്ടറിയായി നിയമിച്ചു. തെക്കുംഭാഗർക്കു പ്രത്യേക രൂപത ലഭിക്കുകയെന്ന ലക്ഷ്യത്തോടെ മാക്കീൽപിതാവ് റോമിലേക്കു പോയപ്പോൾ വിവിധ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന ചാണ്ടിയച്ചനെയും കൂടെകൊണ്ടുപോയിരുന്നു. മാക്കീൽ പിതാവിന്റെ ആസ്ഥാനം കോട്ടയത്തേക്കു മാറിയ ശേഷവും സെക്രട്ടറിയെന്ന ഔദ്യോഗിക ജോലി ചാണ്ടിയച്ചൻ തുടർന്നു പോന്നു. ഒപ്പം, കിടങ്ങൂർ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ മാനേജരുമായിരുന്നു.

മാക്കീൽ പിതാവിന്റെ ദേഹവിയോഗത്തെത്തുടർന്നു 1914 ജൂലൈ 16-ാം തീയതി ചൂളപ്പറമ്പിൽ ചാണ്ടിയച്ചനെ കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി മാർപാപ്പാ നിയമിച്ചു. 1914 നവംബർ ഒന്നാം തീയതി കാണ്ടി സെമിനാരിയിൽവച്ചാണ് മെത്രാഭിഷേക കർമ്മം നടത്തിയത്.

തെക്കുംഭാഗർക്കു മാത്രമായി അനുവദിച്ച പുതിയ വികാരിയാത്തിനെ ബാല്യനാളുകളിൽ കൈപിടിച്ചു നയിക്കുകയും സ്വയംപര്യാപ്തതയിൽ എത്തിക്കുകയും ചെയ്തു എന്നതാണ് ചൂളപ്പറമ്പിൽ പിതാവിന്റെ ഭരണനേട്ടങ്ങളിൽ പ്രഥമവും പ്രധാനവുമായി സ്മരിക്കേണ്ടത്.

രണ്ടു മിഷൻകേന്ദ്രങ്ങളുൾപ്പെടെ മുപ്പതു ദേവാലയങ്ങളും മുപ്പത്തൊന്നു വൈദികരും മാത്രമാണ് പുതിയ വികാരിയാത്തിൽ ഉണ്ടായിരുന്നത്. സ്ഥാപനങ്ങളായി കൈപ്പുഴ വിസിറ്റേഷൻ കോൺവന്റും കിടങ്ങൂർ ഇംഗ്ലീഷ് മീഡിയം മിഡിൽസ്കൂളും കൈപ്പുഴ കോൺവന്റുവക വെർണാക്കുലർ മിഡിൽ സ്കൂളും പത്തോളം എൽ.പി. സ്കൂളുകളും മാത്രമാണുണ്ടായിരുന്നത്. എന്നാൽ ദീർഘവീക്ഷണത്തോടെ കരുക്കൾ നീക്കിയ പിതാവ്, ക്നാനായക്കാർ കൂടുതൽ താമസിക്കുന്നയിടങ്ങളിൽ പുതിയ ഇടവക സമൂഹങ്ങൾക്കു രൂപം കൊടുത്തതോടൊപ്പം സ്കൂളുകളും മറ്റു സ്ഥാപനങ്ങളും ആരംഭിക്കുകയും ചെയ്തു. രൂപതയുടെ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

സമഗ്രമായ വളർച്ചയ്ക്കും ആത്മീയോന്നമനത്തിനും ഇവയെല്ലാം ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. 1923 ഡിസംബർ 21-ാം തീയതി കോട്ടയം വികാരിയാത്ത് രൂപതയായി ഉയർത്തപ്പെട്ടപ്പോൾ അജപാലനതലത്തിലും ഭൗതിക സൗകര്യങ്ങളുടെ തലത്തിലും ശ്രദ്ധാർഹമായ മാറ്റങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നുവെന്നതും ശ്രദ്ധേയമാണ്.

1918-ൽ ഇപ്പോഴത്തെ അരമന സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങാൻ കഴിഞ്ഞത് പ്രാധാന്യത്തോടെ അനുസ്മരിക്കേണ്ട ഒരു കാര്യമാണ്. ചൂളപ്പറമ്പിൽ പിതാവു ഭരണമേറ്റ അവസരത്തിൽ ഇപ്പോഴുള്ള സെന്റ് ആൻസ് സ്കൂളിന്റെ സ്ഥലത്തുണ്ടായിരുന്ന ചെറിയൊരു കെട്ടിടത്തിലാണ് അരമന സ്ഥിതിചെയ്തിരുന്നത്. പുതുതായി വാങ്ങിയ സ്ഥലത്തുണ്ടായിരുന്ന വലിയ കെട്ടിടത്തിലേക്കു അരമന മാറിയതോടെ സെന്റ് ആൻസ് സ്കൂൾ പഴയ അരമനക്കെട്ടിടത്തിനടുത്തേക്കു മാറ്റി സ്ഥാപിച്ചു.

ചൂളപ്പറമ്പിൽ പിതാവിന്റെ ദീർഘവീക്ഷണത്തെ വിലയിരുത്തുന്ന ആരും ആദ്യം അനുസ്മരിക്കുക 'തിരുഹൃദയക്കുന്നി'നെക്കുറിച്ചായിരിക്കും. 'കോട്ടയം രൂപതയുടെ ഹൃദയം' എന്നു അഭിവന്ദ്യ റോച്ചു തിരുമേനി വിശേഷിപ്പിച്ച തിരുഹൃദയക്കുന്ന് ചൂളപ്പറമ്പിൽ പിതാവിന്റെ ഹൃദയത്തിൽ വിരിഞ്ഞ പനിനീർപ്പൂവാണ്. 1921-ലെ ഒരു സായാഹ്നയാത്രാമദ്ധ്യേ, കോട്ടയം പട്ടണത്തിനടുത്തുള്ള ചെങ്ങളക്കാട്ടുകുന്നിനടുത്തുകൂടി പിതാവു പോകുവാനിടയായി. കൂടെയുണ്ടായിരുന്ന വൈദികരോടു ഈ കുന്നു കിട്ടിയാൽ നല്ല ഒരു ആശ്രമത്തിനു കൊള്ളാമായിരുന്നുവെന്നു പറഞ്ഞു പോക്കറ്റിൽനിന്നും ഒരു തിരുഹൃദയ ക്കാശുരൂപമെടുത്തു അവിടെ കുഴിച്ചിട്ടു. സായാഹ്നസൂര്യന്റെ അരുണശോഭയിൽ ആ പൂഴിമണ്ണിൽ കുഴിച്ചിട്ട കാശുരൂപം തിരുഹൃദയക്കുന്നിനു മുഴുവൻ ഐശ്വര്യം പകരുന്ന തിരുഹൃദയക്കുന്നാശ്രമത്തിന്റെ തുടക്കമായിരുന്നു. ട്രോപ്പിക്കൽ പ്ലാന്റേഷൻ കമ്പനിയുടെ കീഴിലുണ്ടായിരുന്ന ചെങ്ങളക്കാട്ടുകുന്നും അതിലുണ്ടായിരുന്ന കെട്ടിടവും പിതാവു വാങ്ങിക്കുകയും 1921-ൽ തിരുഹൃദയദാസസമൂഹം (Oblates of the Sacred Heart) എന്ന പേരിൽ പുരുഷന്മാർക്കായി ഒരു സന്യാസസമൂഹം ആരംഭിക്കുകയും ചെയ്തു.

1924-ൽ തിരുഹൃദയക്കുന്നിലാരംഭിച്ച ഇംഗ്ലീഷ്മീഡിയം സ്കൂൾ പ്രഗത്ഭരായ അനേകർക്കു പഠനവേദിയായിട്ടുണ്ട്. സ്കൂളിനോടനുബന്ധിച്ചു തുടങ്ങിയ ബോർഡിംഗ്, ആശ്രമത്തിനും പള്ളിക്കും സമീപത്തായി നിർമ്മിച്ച ഗാഗുൽത്താ, 1926-ൽ ആരംഭിച്ച മേജർ സെമിനാരി, മൈനർ സെമിനാരി... അങ്ങനെ തിരുഹൃദയക്കുന്നു വളർച്ചയുടെ പടവുകൾ കയറുകയായിരുന്നു. പിന്നീടു രൂപതയിലെ മറ്റു സന്യാസസമൂഹങ്ങളുടെ പരിശീലനകേന്ദ്രങ്ങളും ജനറലേറ്റുകളും ഇവിടെ ആരംഭിച്ചതോടെ തിരുഹൃദയക്കുന്നിനു കൂടുതൽ ആത്മീയശോഭ ലഭിച്ചു. ചുരുക്കത്തിൽ ചൂളപ്പറമ്പിൽ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും കർമ്മശേഷിയുടെയും പ്രകാശഗോപുരമായി തിരുഹൃദയക്കുന്നു തലയുയർത്തി നില്ക്കുന്നു.

വിദ്യാഭ്യാസമണ്ഡലത്തിലൂടെ സുവിശേഷവത്കരണം ശക്തിപ്പെടുത്താനാവും എന്ന കാഴ്ചപ്പാടു ചൂളപ്പറമ്പിൽ പിതാവിനുണ്ടായിരുന്നു. തിരുഹൃദയക്കുന്ന്, ചിങ്ങവനം, ഉഴവൂർ, കൈപ്പുഴ, കരിങ്കുന്നം, കടുത്തുരുത്തി, കണ്ണങ്കര തുടങ്ങിയ സ്ഥലങ്ങളിൽ ഹൈസ്കൂളുകളും പല ഇടവകകളിലും പ്രൈമറി സ്കൂളുകളും ആരംഭിക്കുന്നതിനു പിതാവു നേതൃത്വം നല്കി. ഇംഗ്ലീഷ്മീഡിയം ഹൈസ്കൂളുകളോടു ചേർന്നു വെർണാക്കുലർ ഹൈസ്കൂളുകൾ കൂടി നടത്തുന്നതു കൂടുതൽ കാര്യക്ഷമമായിരിക്കുമെന്നുള്ള നവീനാശയം പിതാവു പ്രാവർത്തികമാക്കി. തിരുഹൃദയക്കുന്നു സ്കൂളിൽ ഇതു ആദ്യമായി പരീക്ഷിച്ചു. ഈ പ്രസ്ഥാനം വിജയമെന്നു കണ്ടതോടുകൂടി തിരുവിതാംകൂറിലെ ഇതര മാനേജുമെന്റുകളും ഈ പാത പിൻതുടർന്നു. വിദ്യാഭ്യാസവകുപ്പിലെ ഉന്നതോദ്യോഗസ്ഥർ വിദ്യാഭ്യാസപരിഷ്കാരങ്ങളെപ്പറ്റി ചർച്ചചെയ്യുവാൻ പലപ്പോഴും പിതാവിനെ സന്ദർശിച്ചിരുന്നതു പിതാവിന്റെ പ്രാഗത്ഭ്യത്തെ വെളിപ്പെടുത്തുന്നു. ഒരു വർഷം മദ്രാസ് യൂണിവേഴ്സിറ്റിയുടെ ബിരുദദാനച്ചടങ്ങിൽ കോൺവൊക്കേഷൻ പ്രസംഗം നടത്തിയത് ചൂളപ്പറമ്പിൽ പിതാവായിരുന്നു. വിദ്യാഭ്യാസവിഷയങ്ങളിൽ പിതാവിനുണ്ടായിരുന്ന വ്യുൽപത്തിക്കു ലഭിച്ച അംഗീകാരമായിരുന്നു ആ പ്രസംഗം.

പുനരൈക്യപ്രസ്ഥാനത്തിന്റെ പതാക വാഹകൻ എന്ന നിലയിൽ മാർ അലക്സാർ ചൂളപ്പറമ്പിൽ ചരിത്രത്തിൽ എന്നും അനുസ്മരിക്കപ്പെടും. കൂനൻകുരിശു സത്യത്തിനുശേഷം കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ചു യാക്കോബായ വിശ്വാസം സ്വീകരിച്ച സമുദായാംഗങ്ങളെ തിരികെ കൊണ്ടുവരുവാൻ വൈദികരുൾപ്പെടെ പലരെയും പിതാവു നേരിൽ കാണുകയും അവരോടൊത്തു സമയം ചെലവഴിക്കുകയും ചെയ്തു എന്നതു ശ്രദ്ധേയമാണ്. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാവിശ്വാസം സ്വീകരിക്കുന്നതിനു വഴിയൊരുക്കിയതു ചൂളപ്പറമ്പിൽ പിതാവാണെന്നു പഴയ തലമുറയിൽപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പുനരൈക്യത്തിനു വിഘാതമായി നിന്ന പ്രധാന തടസ്സം പുനരൈക്യപ്പെടുന്നവർക്കു അന്ത്യോക്യൻ ആരാധനക്രമം ഉപയോഗിക്കുവാൻ ഔദ്യോഗികമായി അനുവാദമില്ലായിരുന്നു എന്നതായിരുന്നു. സീറോമലങ്കരഹയരാർക്കി സ്ഥാപിതമാകുന്നതിനു മുമ്പുതന്നെ ഈ അനുവാദം വാങ്ങിച്ചെടുക്കുവാൻ നേതൃത്വം നല്കിയതു ചൂളപ്പറമ്പിൽ പിതാവായിരുന്നു. അതോടുകൂടി പുനരൈക്യശ്രമങ്ങൾ ചടുലമായി. കറ്റോട്, കല്ലിശ്ശേരി, കുറ്റൂർ, റാന്നി, ചിങ്ങവനം, തുരുത്തിക്കാട് എന്നിങ്ങനെ ഇന്നു രൂപതയിലുള്ള മിഷൻകേന്ദ്രങ്ങളെല്ലാം തന്നെ ആരംഭിച്ചതു പിതാവിന്റെ കാലത്തായിരുന്നു. ചിങ്ങവനത്ത് പള്ളിയോടൊപ്പം ഇംഗ്ലീഷ്മീഡിയം സ്കൂളും തുരുത്തിക്കാട്ടു പ്രൈമറിസ്കൂളും ആരംഭിച്ചു. ആദ്യകാലത്തു മലങ്കര മിഷൻ കേന്ദ്രങ്ങളിൽ ജോലിചെയ്തിരുന്നതു തിരുഹൃദയക്കുന്നാശ്രമത്തിലെ വൈദികരായിരുന്നുവെന്നതും ഓർമ്മിക്കേണ്ട ചരിത്രവസ്തുതയാണ്.

മലബാർ കുടിയേറ്റത്തിനു നേതൃത്വം കൊടുത്ത വ്യക്തിയെന്ന നിലയിൽ ചൂളപ്പറമ്പിൽ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

പിതാവു സഭാചരിത്രത്തിൽ മാത്രമല്ല കേരള ചരിത്രത്തിൽതന്നെ ഓർമ്മിക്കപ്പെടും. കാരണം, സംഘടിത കുടിയേറ്റം (Organized migration) എന്ന ആശയം ആദ്യമായി പരീക്ഷിച്ചതു പിതാവായിരുന്നു. ഷെവലിയർ വി.ജെ. ജോസഫിന്റെ സഹായത്തോടെ നടത്തിയ മലബാർ കോളനൈസേഷൻ വൻവിജയമായിരുന്നു. രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളെ തരണംചെയ്യുവാൻ രാജപുരത്തേക്കും മടമ്പത്തേക്കും റാണിപുരത്തേക്കും നടത്തിയ കുടിയേറ്റങ്ങൾ ദൂരക്കാഴ്ചയോടുകൂടിയ സംരംഭങ്ങളായിരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സുവിശേഷവിത്തു വിതയ്ക്കുവാൻ ഈ കുടിയേറ്റങ്ങൾക്കായി. ദൈവാലയങ്ങളും വിദ്യാലയങ്ങളും ഇതരസ്ഥാപനങ്ങളുമായി പുതിയൊരു രൂപത തുടങ്ങുവാൻ പാകത്തിനു മലബാർ കോളനികൾ ഇന്നു വികസിച്ചുകഴിഞ്ഞു.

സാമൂഹ്യസമ്പർക്ക മാദ്ധ്യമങ്ങളിലൂടെയുള്ള പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചു പിതാവിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. കാത്തലിക് മിഷൻ പ്രസ്സ് സ്ഥാപിച്ചതു പിതാവാണ്. ഇവിടെനിന്നും പ്രസിദ്ധീകരിച്ച കോട്ടയം മാസികയും കോട്ടയം പത്രികയും പല പ്രതിസന്ധികളെയും അതിജീവിച്ചു തിരുഹൃദയമാസികയും അപ്നാദേശുമായി ലോകമെങ്ങുമുള്ള ക്നാനായ കത്തോലിക്കരെ ഒരു ചരടിൽ കോർത്തിണക്കുന്നു.

ചൂളപ്പറമ്പിൽ പിതാവിന്റെ പൗരോഹിത്യ രജതജൂബിലി 1930-ൽ തിരുഹൃദയക്കുന്നിൽ വച്ചും മെത്രാഭിഷേകരജതജൂബിലി 1939-ൽ കോട്ടയത്തുവച്ചും ആഡംബരപൂർവ്വം ആഘോഷിച്ചു. ജൂബിലി യാഘോഷങ്ങളിൽ നാനാജാതിമതസ്ഥരായ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു. ജനഹൃദയങ്ങളിൽ പിതാവു എന്നും ജീവിച്ചിരുന്നുവെന്ന വസ്തുതയിലേക്കു ഇതു വിരൽ ചൂണ്ടുന്നു.

വളരെയേറെ സ്വച്ഛതയോടും അഭിഷേകത്തോടുംകൂടിയാണ് ജീവിതത്തിന്റെ അവസാന നാളുകൾ പിതാവു ചെലവഴിച്ചത്. പിൻതുടർച്ചാവകാശമുള്ള സഹായമെത്രാനായി മാർ തോമസ് തറയിലിനെ ലഭിച്ചതു അദ്ദേഹത്തെ ഏറെ സന്തോഷഭരിതനാക്കിയിരുന്നു. 1945 ഒക്ടോബർ ഏഴാം തീയതിയായിരുന്നു മെത്രാനഭിഷേകകർമ്മം. പിൻഗാമിയെ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചു ഏതാണ്ടൊരു വിശ്രമജീവിതം നയിക്കുകയായിരുന്നു അദ്ദേഹം. അവസാന നാളുകളിൽ വാതരോഗബാധിതനായി പ്രാർത്ഥനയിലും ഏകാന്തതയിലും കഴിഞ്ഞുകൂടി. 1951 ജനുവരി എട്ടാം തീയതി തിങ്കളാഴ്ച രാവിലെ മൂന്നുമണിക്കു ചൂളപ്പറമ്പിൽ പിതാവു ദിവംഗതനായി. പിറ്റേദിവസം അത്യാഘോഷപൂർവ്വം ശവസംസ്കാരകർമ്മം നടന്നു.

ആഴമേറിയ സാമൂഹികബന്ധങ്ങൾ ചൂളപ്പറമ്പിൽപിതാവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷഘടകമാണ്. ഒരിക്കൽ കാണുകയോ സംസാരിക്കുകയോ ചെയ്തവർ പിതാവിനെ ഒരിക്കലും മറക്കുകയില്ല. ജനങ്ങളുടെ കണ്ണീരിലും പുഞ്ചിരിയിലും അലിഞ്ഞുചേരുന്ന ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. ദുഃഖവെള്ളിയാഴ്ചകളിൽ തിരുഹൃദയക്കുന്നിലെ ഗാഗുൽത്തായിൽ ഈശോയുടെ പീഡാനുഭവങ്ങളെപ്പറ്റി പ്രസംഗിക്കുമ്പോൾ പൊട്ടിക്കരഞ്ഞിരുന്ന ചൂളപ്പറമ്പിൽപിതാവു വിശ്വാസികൾക്കു വലിയൊരു സാക്ഷ്യമായിരുന്നു. പിതാവിന്റെ കാലത്തു കോട്ടയം മെത്രാസന മന്ദിരം ഒരു ഗസ്റ്റ്ഹൗസായിരുന്നുവെന്നു പലരും പറയാറുണ്ടായിരുന്നു. വിവിധ തുറകളിൽപ്പെട്ട വിശിഷ്ടവ്യക്തികൾ സന്ദർശകരായി ഉണ്ടാകും. അതിഥികൾക്കെല്ലാം നിർബന്ധപൂർവ്വം പിതാവു ഭക്ഷണം നല്കുമായിരുന്നു.

തിരുഹൃദയഭക്തനായിരുന്ന പിതാവിന്റെ ഹൃദയവും കരുണാർദ്രമായിരുന്നു. രൂപതയിലെ വൈദികരോടും സമർപ്പിതരോടും ദൈവജനത്തോടും നല്ല അടുപ്പം അദ്ദേഹത്തിനുണ്ടായിരുന്നു. പരേതനായ വെട്ടിമറ്റത്തിലച്ചൻ വൈദിക വിദ്യാർത്ഥിയായിരുന്നപ്പോൾ പെട്ടെന്നുണ്ടായ അസുഖംമൂലം എറണാകുളം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചതറിഞ്ഞ് പിതാവു കാറെടുത്തു ആശുപത്രിയിലെത്തി വേണ്ട കാര്യങ്ങളെല്ലാം ക്രമീകരിച്ചതു മോൺ. പുലിക്കൂട്ടിൽ ഒരു ലേഖനത്തിൽ അനുസ്മരിച്ചിട്ടുണ്ട്. കുടമാളൂർ സ്വദേശിയായ നായർസമുദായത്തിൽപ്പെട്ട പാവപ്പെട്ട ഒരാളുടെ മകനു ജോലിവാങ്ങിക്കൊടുക്കുവാൻ മാത്രമായി പിതാവു തിരുവനന്തപുരംവരെ യാത്ര ചെയ്ത കഥയും അതേ അനുസ്മരണക്കുറിപ്പിലുണ്ട്. ഇവയെല്ലാം പിതാവിന്റെ തിളക്കമാർന്ന വ്യക്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്നു.

സാഹിത്യകാരനും ഗായകനുമായിരുന്നു ചൂളപ്പറമ്പിൽ പിതാവ്. ഘനഗംഭീരമായിരുന്നു ആ ശബ്ദം. മൈക്കില്ലെങ്കിലും വളരെ അകലെ നില്ക്കുന്നവർക്കുപോലും നന്നായി കേൾക്കത്തക്ക വിധത്തിൽ പാടാനും പ്രസംഗിക്കാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. പിതാവിന്റെ പാട്ടുകുർബാനയിൽ പങ്കെടുക്കുന്നതിനു വളരെ ദൂരെ നിന്നുപോലും ആളുകൾ വന്നെത്തുമായിരുന്നു. 1920-ലും 1932-ലും നടത്തിയ റോമ്മായാത്രയെക്കുറിച്ചു 'വിദേശയാത്ര' എന്ന പേരിലും 1929-ൽ നടത്തിയ ആസ്ട്രേലിയൻ യാത്രയെക്കുറിച്ച് 'ആസ്ട്രേലിയാ യാത്ര' എന്ന പേരിലും രണ്ടു യാത്രാവിവരണഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അവയിലെ ലളിതമായ പ്രതിപാദനരീതിയും പ്രസാദാത്മകമായ ശൈലിയും ആരെയും ആകർഷിക്കുന്നതാണ്. എല്ലാവർക്കും മനസ്സിലാകുന്ന സ്നേഹത്തിന്റെ ഭാഷ പുസ്തകത്താളുകളിലും ജീവിതത്താളുകളിലും ഉണ്ടായിരുന്നു.

പൗരസ്ത്യ പാരമ്പര്യത്തിൽ മെത്രാന്മാരെ സന്യാസികളായിട്ടാണ് ദൈവജനം കാണുകയും ആദരിക്കുകയും ചെയ്യുന്നത്. ചൂളപ്പറമ്പിൽ പിതാവു ഹൃദയത്തിൽ തപസമുദ്രകൾ സൂക്ഷിച്ച തപോധനനായിരുന്നു. കണ്ടുമുട്ടിയവർക്കെല്ലാം മതിവരുവോളം സ്നേഹം പങ്കുവച്ച ആ വത്സല താതന്റെ അന്തരംഗം നിറഞ്ഞുനിന്ന കാരുണ്യം അദ്ദേഹത്തിനു ജീവിതത്തിന്റെ താളമായിരുന്നു. ഇളംകാറ്റിൽ പൂക്കൾ ചിതറുന്നതുപോലെ, പിതാവിനെക്കുറിച്ചുള്ള ദീപ്തസ്മരണകൾ ഇളംതലമുറകൾക്കു എന്നും പ്രചോദനമായിരിക്കും.

**-റവ. ഫാ. ജോസ് പൂത്തൃക്കയിൽ**

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ